**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1512** **19-09-2025 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപികയുടെ ശമ്പള കുടിശ്ശിക വൈകിയതിനെ തുടർന്ന് ഭർത്താവ് ആത്മഹത്യ ചെയ്ത സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പത്തനംതിട്ട നാറാണമൂഴിയിൽ അദ്ധ്യാപികയുടെ ശമ്പള കുടിശ്ശിക വൈകിയതിനെ തുടർന്ന് ഭർത്താവ് ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത അദ്ധ്യാപികയുടെ ശമ്പള കുടിശ്ശിക വൈകിപ്പിച്ച സംഭവത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഉണ്ട്.വിഷയം പരിശോധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് 18/08/2025-ലെ സ.ഉ (സാധാ) നം.5408/2025/പൊവിവ. പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പ് അഡിഷണൽ സെക്രട്ടറി ചിത്ര IAS , ജോയിന്റ് സെക്രട്ടറി ബിജുകുമാർ ബിടി. എന്നിവരെ സർക്കാർ ചുമതലപ്പെടുത്തുകയും 19/08/2025 ന് മേൽ ഉദ്യോഗസ്ഥർ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസ് സന്ദർശിക്കുകയും രേഖകൾ പരിശോധിച്ചും ബന്ധപ്പെട്ടവരെ നേരിൽ കേട്ടും അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി സർക്കിരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.ടി റിപ്പോർട്ട് നിലവിൽ ഈ വകുപ്പിന്റെ GE-DA1/128/2025-G.EDN നമ്പർ ഫയലിൽ പരിശോധിച്ച് വരികയാണ്. |
| (സി) | ഹൈക്കോടതി ഉത്തരവ് വന്ന് എട്ടുമാസം കഴിഞ്ഞിട്ടും നടപടിക്രമങ്ങൾ വൈകാനുണ്ടായ കാരണം വിശദമാക്കുമോ? | (സി) | 26/11/2024-ലെ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാനേജർ സത്യപ്രസ്താവന സമർപ്പിച്ചെങ്കിലും **51 A claimant** ആയ ശ്രീമതി സൈജു സക്കറിയയുടെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടുകയും 07/01/2025-ന് സർക്കാർ സ്പഷ്ടീകരണം നൽകിയതിനെ തുടർന്ന് ശ്രീമതി ലേഖാ രവീന്ദ്രന്റെ യുപിഎസ് ടി തസ്തികയിലെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും, ടിയാളുടെ നിയമനം അംഗീകരിച്ച ഉത്തരവ് തീയതിയുടെ തലേദിവസം വരെ പി എഫ് ൽ ലയിപ്പിക്കുവാനും നിയമന ഉത്തരവ് തിയതി മുതലുള്ള ആനുകൂല്യങ്ങൾ കൈയ്യിൽ ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കുന്നതിന് സ്കൂൾ പ്രധാന അധ്യാപികയ്ക്ക് നിർദ്ദേശം നൽകി 31/01/2025-ന് |

| | | | |
|---|---|---|---|
| | | | ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് ഉത്തരവായിരുന്നു.<br><br>പ്രധാനാധ്യാപിക 06/02/2025-നാണ് ശമ്പള നിർണയ അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചത്. 06/03/2025-ന് അടിസ്ഥാന ശമ്പളം നിജപ്പെടുത്തി നൽകി. തുടർന്നുള്ള ശമ്പളം നൽകിയിട്ടുണ്ട്. 27/03/2025-ന് അരിയർ ശമ്പളം ലയിപ്പിക്കുന്നതിന് പി.എഫ് അക്കൗണ്ട് ആരംഭിക്കുതിനുള്ള അപേക്ഷ പ്രധാനാദ്ധ്യാപിക സമർപ്പിക്കുകയും 15/04/2025-ന് അക്കൗണ്ട് നമ്പർ അനുവദിക്കുകയും ചെയ്തു. ടി സ്കൂളിലെ പ്രധാനാധ്യാപിക 30/04/2025-ന് വിരമിച്ചു. നിലവിലെ പ്രധാനാധ്യാപികയായ ശ്രീമതി അഞ്ചു ഫിലിപ്പിന് 01/05/2025-ന് നിയമനം ലഭിച്ചു. ടിയാൾക്ക് 25/05/2025-ന് ഡിഡിഇ ചാർജ് അനുവദിച്ച് നൽകിയെങ്കിലും Digital Signature തയ്യാറാക്കി നൽകിയത് 16/06/2025-നാണ്. തുടർന്ന് 30/07/2025-ന് സ്പാർക്ക് ഓതന്റിഫിക്കേഷനു വേണ്ടി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയും ആയത് 02/08/2025-ന് അപ്രൂവ് ചെയ്ത് നൽകുകയും ചെയ്തു. തുടർന്ന് 04/08/2025-ന് ശമ്പള കുടിശ്ശിക ബില്ല് തയ്യാറാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കുകയും 05/08/2025ന് ടി ബില്ല് അപ്രൂവ് ചെയ്തു നൽകുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ